# ഇൻഫ്ലുവൻസ (പകർച്ചപ്പനി) പതിവ് ചോദ്യങ്ങൾ

*ഇൻഫ്ലുവൻസ അല്ലെങ്കിൽ പകർച്ചപ്പനി" എന്നത് ഒക്ടോബർ മുതൽ മെയ് മാസം വരെ യുണൈറ്റഡ് സ്റ്റേറ്റ്സിലും അതിന്റെ ഭൂവിഭാഗങ്ങളിലും പൊതുവെ പടർന്നുപിടിക്കുന്ന സാംക്രമിക രോഗമാണ്.*

*ഈ വർഷം പരിരക്ഷിതരായി നിലകൊള്ളാൻ നിങ്ങളെ സഹായിക്കുന്ന പകർച്ചപ്പനി സംബന്ധമായ ഏതാനും പൊതുവായ ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഇവിടെ കൊടുത്തിട്ടുള്ളത്.*

## പകർച്ചപ്പനി എങ്ങനെയാണ് പരക്കുന്നത്?



പകർച്ചപ്പനി ബാധിതരായ ആളുകൾ ചുമയ്ക്കുകയോ തുമ്മുകയോ സംസാരിക്കുകയോ ചെയ്യുമ്പോൾ ചിതറുന്ന ചെറു കണങ്ങളിലൂടെയാണ് പകർച്ചപ്പനി പ്രധാനമായും പരക്കുന്നത്.

## പകർച്ചപ്പനിയുടെ സൂചനകളും ലക്ഷണങ്ങളും എന്തൊക്കെയാണ്?

പകർച്ചപ്പനി ബാധിതരായ ആളുകൾക്ക് പലപ്പോഴും ഈ ലക്ഷണങ്ങളിൽ ചിലതോ മുഴുവനുമോ അനുഭവപ്പെടും: പനി അല്ലെങ്കിൽ പനിയുള്ളപോലെ/തണുക്കുന്നപോലെ തോന്നുക, ചുമ, തൊണ്ടവേദന, മൂക്കൊലിപ്പ് അല്ലെങ്കിൽ മൂക്കടപ്പ്, പേശി വേദന അല്ലെങ്കിൽ ശരീരം വേദന, തലവേദന, തളർച്ച, ചില സമയങ്ങളിൽ ഛർദ്ദിയും വയറിളക്കവും (മുതിർന്നവരേക്കാൾ കുട്ടികളിലാണ് കൂടുതൽ കാണുന്നത്).



## ഞാൻ എപ്പോഴാണ് വാക്സിൻ എടുക്കേണ്ടത്?

പകർച്ചപ്പനി സീസൺ സാധാരണ നീളുന്നത് ഒക്ടോബർ മുതൽ മെയ് വരെയാണ്. പകർച്ചപ്പനി സീസൺ ആദ്യന്തം പരിരക്ഷിതരായി പകർച്ചപ്പനി വാക്സിൻ സ്വീകരിക്കാനുള്ള മികച്ച സമയം ശരത്കാലമോ ശൈത്യകാലമോ ആണ്.



## പകർച്ചപ്പനി വാക്സിൻ ഞാൻ എന്തുകൊണ്ട് എടുക്കണം?

പകർച്ചപ്പനിക്കും അതിന്റെ അനുബന്ധ സങ്കീർണ്ണതകൾക്കും എതിരെ നിങ്ങളെയും നിങ്ങൾക്ക് വേണ്ടപ്പെട്ടവരെയും പരിരക്ഷിക്കാനുള്ള മികച്ച മാർഗ്ഗമാണ് പകർച്ചപ്പനി വാക്സിൻ. പകർച്ചപ്പനി സംബന്ധമായ അസുഖത്തിന്റെയും ആശുപത്രി പ്രവേശനത്തിന്റെയും മരണത്തിന്റെയും അപകടസാധ്യത ലഘൂകരിക്കാനും ഇതിന് കഴിയും. പകർച്ചപ്പനി സംബന്ധമായ കൂടുതൽ പ്രയോജനങ്ങൾക്ക് സന്ദർശിക്കുക: cdc.gov/flu/prevent/vaccine-benefits.htm

## പകർച്ചപ്പനി വാക്സിൻ ആരൊക്കെ എടുക്കണം?

പകർച്ചപ്പനി വാക്സിൻ എല്ലാവരും എടുക്കേണ്ടതാണ്. ഓരോ പകർച്ചപ്പനി സീസണിലും 6 മാസം പ്രായമായവർ മുതലുള്ള സർവരും, പകർച്ചപ്പനി പിടിപെടാൻ ഉയർന്ന അപകടസാധ്യതയുള്ളവർ പ്രത്യേകിച്ചും വാക്സിൻ എടുക്കണമെന്നാണ് രോഗ നിയന്ത്രണ, പ്രതിരോധ കേന്ദ്രങ്ങൾ (CDC) ശുപാർശ ചെയ്യുന്നത്. ഗർഭിണികൾക്കും പകർച്ചപ്പനി വാക്സിൻ ശുപാർശ ചെയ്യപ്പെടുന്നുണ്ട്.

## പകർച്ചപ്പനി പിടിപെടാനുള്ള അപകടസാധ്യത ആർക്കൊക്കെയാണ്?

പകർച്ചപ്പനി ആർക്കും പിടിപെടാം, എന്നാൽ ശിശുക്കളും കൊച്ചുകുട്ടികളും, 65 വയസും അതിൽ കൂടുതലും പ്രായമായ ആളുകൾ, ഗർഭിണികളായ സ്ത്രീകൾ, ചില ആരോഗ്യ സ്ഥിതികളിലുള്ള അല്ലെങ്കിൽ ഒരു ദുർബല പ്രതിരോധ സംവിധാനമുള്ള ആളുകൾ തുടങ്ങിയ ദുർബല ജനവിഭാഗങ്ങൾക്ക് ഇത് കൂടുതൽ ആപത്ക്കരമാണ്. പകർച്ചപ്പനി വാക്സിൻ ഓരോ വർഷവും എടുക്കുന്നത് പകർച്ചപ്പനിയുമായി ബന്ധപ്പെട്ട ഗുരുതര രോഗം തടയാനുള്ള മികച്ച മാർഗ്ഗമാണ്.

## പകർച്ചപ്പനി വാക്സിനുകളുടെ വ്യത്യസ്ത തരങ്ങൾ എന്തൊക്കെയാണ്?

കൈയിൽ ഒരു കുത്തിവയ്പ്പായോ ഷോട്ട് ആയോ അല്ലെങ്കിൽ ഒരു നാസിക സ്പ്രേ ആയോ ആണ് പകർച്ചപ്പനി വാക്സിനുകൾ സാധാരണ നൽകുന്നത്. പകർച്ചപ്പനി കുത്തിവയ്പ്പ് 6 മാസവും അതിൽ കൂടുതലും പ്രായമായ വ്യക്തികൾക്ക് അംഗീകരിക്കപ്പെട്ടതാണ്. നാസിക സ്പ്രേ 2 വയസുമുതൽ 49 വയസുവരെ പ്രായമായ ആളുകൾക്ക് അംഗീകരിക്കപ്പെട്ടതാണ്. നിർമ്മാതാവിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ വിവിധ പകർച്ചപ്പനി കുത്തിവയ്പ്പുകൾ ലഭ്യമാണ്.



*കൂടുതൽ വിവരങ്ങൾ CDC സീസണൽ പകർച്ചപ്പനി വാക്സിനുകൾ എന്നതിൽ ഇവിടെ കണ്ടെത്താവുന്നതാണ്:* cdc.gov/flu/prevent/flushot.htm

***സ്രോതസ്:*** Centers for Disease Control and Prevention (cdc.gov)

APIAHF
ASIAN & PACIFIC ISLANDER AMERICAN HEALTH FORUM

This publication was made possible by cooperative agreement CDC-RFA-IP21-2106 from the Centers for Disease Control and Prevention of the U.S. Department of Health and Human Services (HHS). Its contents are solely the responsibility of the authors and do not necessarily represent the official views of CDC/HHS.

# ഇൻഫ്ലുവൻസ (പകർച്ചപ്പനി) പതിവ് ചോദ്യങ്ങൾ

## ഒരു പകർച്ചപ്പനി വാക്സിന് എത്ര ചെലവ് വരും?



ഒരു പകർച്ചപ്പനി വാക്സിന്റെ ചെലവ് നിങ്ങളുടെ ഹെൽത്ത്കെയർ കവറേജിനെ ആശ്രയിച്ചാണിരിക്കുന്നത്. കുറഞ്ഞ ചെലവിൽ അല്ലെങ്കിൽ ചെലവില്ലാതെ പകർച്ചപ്പനി വാക്സിനുകൾ ലഭ്യമാകുന്നത് എവിടെയാണെന്ന് ചോദിക്കുന്നതിന് നിങ്ങളുടെ ഇൻഷൂറൻസ് കമ്പനിയെ നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. കൂടാതെ, പ്രാദേശിക ആരോഗ്യ ഡിപ്പാർട്ട്മെന്റുകളും ആരോഗ്യ കേന്ദ്രങ്ങളും സൗജന്യമായ അല്ലെങ്കിൽ ചെലവ് കുറഞ്ഞ വാക്സിനേഷനുകൾ വാഗ്ദാനം ചെയ്തേക്കാം.

കൂടുതൽ വിവരങ്ങൾക്ക്, ഞങ്ങളുടെ വാക്സിനേഷൻ ചെലവിന്റെയും പകർച്ചപ്പനിയുടെയും ഗൈഡ് നിങ്ങൾക്ക് അവലോകനം ചെയ്യാവുന്നതാണ്: aa-nhpihealthresponse.org

## വാക്സിനേഷൻ എടുത്തുകഴിഞ്ഞാൽ എനിക്ക് പാർശ്വ ഫലങ്ങൾ അനുഭവപ്പെടുമോ?



പകർച്ചപ്പനി വാക്സിനുകൾ സുരക്ഷിതവും ഫലപ്രദവുമാണ്. ചില ആളുകൾക്ക് വാക്സിനേഷനുശേഷം കൈയിൽ വിങ്ങലും ചെറിയ പനിയും വേദനകളും പോലുള്ള ലഘുവായ പാർശ്വ ഫലങ്ങൾ അനുഭവപ്പെടുകയും അത് ഏതാനും ദിവസങ്ങൾക്ക് ശേഷം ഭേദമാവുകയും ചെയ്യും.

## എനിക്ക് ഒരേ സമയം കോവിഡ്-19 വാക്സിനും പകർച്ചപ്പനി വാക്സിനും എടുക്കാൻ പറ്റുമോ?

CDC-യുടെയും അതിന്റെ പ്രതിരോധവത്ക്കരണ സമ്പ്രദായങ്ങളെ കുറിച്ചുള്ള ഉപദേശക സമിതിയുടെയും (ACIP) ശുപാർശ പ്രകാരം, ഒരു രോഗിക്ക് യോഗ്യതയുണ്ടെങ്കിൽ പകർച്ചപ്പനി വാക്സിൻ, കോവിഡ്-19 വാക്സിൻ എന്നിവ രണ്ടും ഒരേ സന്ദർശനത്തിൽ എടുക്കാവുന്നതാണ്.

## പകർച്ചപ്പനി വാക്സിൻ എനിക്ക് എവിടെ നിന്ന് എടുക്കാനാവും?

ഇനിപ്പറയുന്ന സ്ഥലങ്ങളിൽ എവിടെ നിന്നും പകർച്ചപ്പനി വാക്സിൻ നിങ്ങൾക്ക് എടുക്കാവുന്നതാണ്:

- പ്രൈമറി കെയർ ഫിസിഷ്യൻസ്
- അർജന്റ് കെയർ/മിനിറ്റ് ക്ലിനിക്കുകൾ
- ഫെഡറൽ ഗവണ്മെന്റ് യോഗ്യതയുള്ള ആരോഗ്യ കേന്ദ്രങ്ങൾ
- റൂറൽ ഹെൽത്ത് ക്ലിനിക്കുകൾ
- നാറ്റീവ് ഹവായിയൻ ഹെൽത്ത് സെന്ററുകൾ
- ഇന്ത്യൻ ഹെൽത്ത് സർവീസ്
- പ്രാദേശിക ആരോഗ്യ ഡിപ്പാർട്ട്മെന്റുകൾ
- ഫാർമസികൾ

  (ഉദാ., Walmart, Walgreens, CVS, Rite-Aid)



## പകർച്ചപ്പനിയും കോവിഡ്-19-ഉം തമ്മിലുള്ള വ്യത്യാസം എന്തൊക്കെയാണ്?

പകർച്ചപ്പനി, കോവിഡ്-19 എന്നിവ രണ്ടും ശ്വാസകോശ സംബന്ധ സാംക്രമിക രോഗങ്ങളാണെങ്കിലും അവയ്ക്ക് കാരണമാകുന്ന വൈറസുകൾ വ്യത്യസ്തമാണ്. കോവിഡ്-19-ന് കാരണമാകുന്നത് കൊറോണവൈറസ് (SARS- CoV-2 എന്ന് വിളിക്കപ്പെടുന്നു) അണുബാധയും പകർച്ചപ്പനിക്ക് കാരണമാകുന്നത് വർഷം തോറും ആളുകൾക്കിടയിൽ പരക്കുന്ന നിരവധി ഇൻഫ്ലുവൻസ വൈറസുകളിൽ ഒന്നിന്റെ അണുബാധയുമാണ്.



*സ്രോതസ്:*Centers for Disease Control and Prevention (cdc.gov)

APIAHF
ASIAN & PACIFIC ISLANDER AMERICAN HEALTH FORUM

അധിക AA-യ്ക്കും NH/PI വിവർത്തനം ചെയ്ത വിഭവങ്ങൾക്കും,
ഇക്കാണുന്ന ഞങ്ങളുടെ നാഷണൽ AA ആന്റ് NH/PI ഹെൽത്ത് റെസ്പോൺസ് പാർട്ണർഷിപ്പ്
വെബ്പേജ് സന്ദർശിക്കുക: www.AA-NHPIHealthResponse.org

This publication was made possible by cooperative agreement CDC-RFA-IP21-2106 from the Centers for Disease Control and Prevention of the U.S. Department of Health and Human Services (HHS). Its contents are solely the responsibility of the authors and do not necessarily represent the official views of CDC/HHS.